പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 3490

19.10.2016 -ലെ മറുപടിയ്ക്ക്

## പരമ്പരാഗത തൊഴിൽ മേഖലകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൽദോ എബ്രഹാം: | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മരപ്പണി, കൽപ്പണി, ഇരുമ്പ് പണി, സ്വർണ്ണപ്പണി, ആശാരിപ്പണി എന്നീ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) തകർച്ച നേരിടുന്ന പ്രസ്തുത തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവരെ പരമ്പരാഗത തൊഴിലാളികളായി അംഗീകരിക്കുന്നതിനും, അവർക്ക് അർഹമായ ക്ഷേമ പദ്ധതികൾ തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (ബി) പരമ്പരാഗത തൊഴിലാളികളായ ബീഡി, ഖാദി, മുള, ചൂരൽ, മത്സ്യബന്ധനവും - സംസ്കരണവും, കയർ, കൈത്തറി എന്നീ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവരെ പരമ്പരാഗത തൊഴിലാളികളായി അംഗീകരിച്ച് ഇവർക്ക് ഇൻകം സപ്പോർട്ട് സ്കീം മുഖേന തൊഴിൽ വകുപ്പ് ധനസഹായം നൽകി വരുന്നു. മരപ്പണി, കൽപ്പണി, ഇരുമ്പ് പണി, സ്വർണ്ണപ്പണി, ആശാരിപ്പണി എന്നീ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളെ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. മരപ്പണി, കൽപ്പണി, ഇരുമ്പ് പണി തുടങ്ങിയ തൊഴിൽ ചെയ്യുന്നവർക്ക് കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളായി ചേരാവുന്നതും ആശാരിപ്പണി ചെയ്യുന്നവർക്ക് കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിരിക്കാവുന്നതും സ്വർണ്ണപ്പണി ചെയ്യുന്നവർക്ക് ആഭരണ തൊഴിലാളി ക്ഷേമനിധിയിൽ ചേരാവുന്നതും അർഹമായ ആനുകൂല്യങ്ങൾ സ്വീകരിക്കാവുന്നതുമാണ്. |

Sreekala

സെക്ഷൻ ഓഫീസർ